2011 November Price ₹ 40/- Vol.9 Issue 78

# ഡിസൈനർ + ബിൽഡർ

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ



ബഡ്ജറ്റ്– ഗ്രീൻ ഹോം
9 ലക്ഷത്തിന്
ഇരുനില വീട്

## ലൈറ്റിങ് സ്പെഷ്യൽ

- മുറികൾക്കിണങ്ങും ലാംപ് ഷേഡുകൾ
- ലൈറ്റ് മാജിക്
- എനർജറ്റിക് ഹോം
- 10 ലക്ഷത്തിൽ താഴെ 2 ഇന്റീരിയറുകൾ



# ക്യാൻവാസുകൾ തച്ചുടയ്ക്കാതെ

ആർക്കിടെക്ചർ. അതേതു കാലഘട്ടത്തിലേതായാലും, അന്നു ജീവിച്ചിരുന്ന തലമുറയുടെ ജീവിതശൈലിക്കും ആവശ്യങ്ങൾക്കും അനുയോജ്യമായവിധം രൂപപ്പെട്ട അവരുടെ ചിന്തകളുടേയും അഭിലാഷങ്ങളുടേയും സാക്ഷാത്ക്കാരമാണ്. ഭൂതകാലത്തിന്റെ കണ്ണികൾ കോർത്തിണക്കിയ ഒരു ഐഡന്റിറ്റി അവയ്ക്കുണ്ടാകും. അതുകൊണ്ട് ഭൂതകാലത്തിന്റെ സ്വഭാവ സവിശേഷതകൾ കാത്തുസൂക്ഷിക്കുവാൻ നാം പരിശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ കാലത്തിന്റെ കുത്തൊഴുക്കിൽ അവ നമുക്ക് നഷ്ടമാകും. ഇന്നത്തെ ജീവിതശൈലിക്കും സാമൂഹിക ചുറ്റുപാടുകൾക്കും ഇണങ്ങിയ വണ്ണം രൂപപരിണാമങ്ങൾ വരുത്തിയാൽ നിലവിലുള്ള ജീവിതഘടനയ്ക്ക് ചേർന്നതല്ല എന്നെഴുതിത്തള്ളി അവ പൊളിച്ചുനീക്കാൻ ആരും തുനിയില്ല. ഇത്തരം ചിന്തകളുടെ പ്രായോഗിക വശങ്ങളിലേയ്ക്കുള്ള ഒരു വ്യാപാരമാണ് ആർക്കിടെക്റ്റ് ജയദേവിന്റെ ഈ റെനവേഷൻ പ്രോജക്റ്റ്.

## സ്വാഭാവസവിശേഷതകൾ നിലനിർത്തി

60 വർഷം പഴക്കമുള്ള ഒരു വീട്. കാലാകാലങ്ങളായി നടത്തിയിരുന്ന



പുതിയമുഖം



**ആർക്കിടെക്റ്റ് ജയദേവ്**

2006ൽ എം.ഇ.എസ്. സ്കൂൾ ഓഫ് ആർക്കിടെക്ചറിൽ നിന്നും ബി. ആർക് ബിരുദമെടുത്തു. മുബൈയിലെ ഐ.ഐ.ടി.യിൽ റിസർച്ച് അസോസിയേറ്റായി പ്രവർത്തിച്ചിട്ടുണ്ട്. പ്രശസ്ത ആർക്കിടെക്ചർ സ്ഥാപനങ്ങളായ ഡിസൈൻ കംബൈയ്ൻ - കൊച്ചി, ഹൗസ് ഓഫ് കൺസൽട്ടന്റ് - കൊച്ചി എന്നിവിടങ്ങളിൽ സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ കൊച്ചിയിൽ സ്വന്തം സ്ഥാപനമായ ട്രാൻസ് സ്പേസിന്റെ (Trance Space) ആർക്കിടെക്റ്റാണ്.

> “ഇന്നത്തെ ജീവിതശൈലിക്കും സാമൂഹിക ചുറ്റുപാടുകൾക്കും ഇണങ്ങിയവണ്ണം രൂപപരിണാമങ്ങൾ വരുത്തിയാൽ നിലവിലുള്ള ജീവിതഘടനയ്ക്ക് ചേർന്നതല്ല എന്നെഴുതിത്തള്ളി വീടുകൾ പൊളിച്ചുനീക്കാൻ ആരും തുനിയില്ല”

പഴയമുഖം



പല നവീകരണപ്രവർത്തനങ്ങളും വീടിന്റെ തനതു സ്വഭാവവിശേഷതകൾ ഏറെക്കുറെ ജീർണ്ണിപ്പിച്ചു. ഒരു ആസൂത്രണവുമില്ലാതെ കൂട്ടിയിണക്കിയ മുറികളും ടോയ്‌ലറ്റുകളും താൽക്കാലികമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ സഹായകരമായെന്നുമാത്രം. അതിനിടെ തലമുറകൾ മാറി. കാലത്തിനനുസരിച്ച് അവരുടെ ജീവിതശൈലികളിൽ മാറ്റങ്ങളുണ്ടായി. ആവശ്യങ്ങൾ ഏറി. ഇത്തവണ റെനവേഷനായി ഒരു ആർക്കിടെക്റ്റിനെ തന്നെ സമീപിക്കാൻ വീട്ടുടമ ജോയി ആന്റണി തീരുമാനിച്ചു. കുടുംബസുഹൃത്തായ ആർക്കിടെക്റ്റ് ജയദേവിനോട് ആവശ്യങ്ങൾ ചർച്ച ചെയ്തു. ആർക്കിടെക്റ്റ് ജയദേവ്



വീടിന്റെ പിൻഭാഗം (റെനവേഷനുശേഷം)



പിൻഭാഗം (റെനവേഷനു മുൻപ്)

കെട്ടിടത്തിന്റെ പഴയകാലങ്ങളിലെ അവസ്ഥകളെയും സംഭവിച്ച രൂപാന്തരീകരണത്തെയും കുറിച്ച് വിശദമായി പഠിച്ചു. പഴയ സ്വഭാവ വിശേഷതകൾ ഒട്ടും നഷ്ടപ്പെടുത്താതെയുള്ള ഒരു നവീകരണമായിരുന്നു ലക്ഷ്യം.

“നിലവിലുണ്ടായിരുന്ന വീടിന്റെ ലേഔട്ട് വരച്ചു. മുൻപ് പ്ലാനിങ്ങില്ലാതെ പല പണികളും ചെയ്തിരുന്നു. കെട്ടിടത്തിന്റെ പഴയ സ്ട്രക്ചർ അതേപടി നിലനിർത്തി. പുറമേയുള്ള എലിവേഷനിൽ മാറ്റങ്ങളൊന്നും വരുത്തിയില്ല. അതേസമയം അവരുടെ ആവശ്യങ്ങൾ ഇന്നത്തെ ലൈഫ് സ്റ്റൈലിനനുയോജ്യമായ രീതിയിൽ ക്രമീകരിക്കണമായിരുന്നു. ഇന്റീരിയർ കന്റംപ്രറി ശൈലിയിലൊരുക്കി. ധാരാളം നാചറൽ ലൈറ്റ് അകത്തു കടത്തിവിട്ട് വീടിനകത്ത് ഊഷ്മളമായ ഒരന്തരീക്ഷം സൃഷ്ടിച്ചു.” ആർക്കിടെക്റ്റ് ജയദേവ് പറയുന്നു.

## കൂട്ടിച്ചേർക്കലുകൾ നീക്കി

മുൻകാലങ്ങളിലെ കൂട്ടിച്ചേർക്കലുകളെല്ലാം നീക്കംചെയ്തു. പഴയ ജനലുകളും വാതിലുകളും അവയുടെ ട്രഡീഷണൽ ലുക്ക് കളയാതെ അതേപടി നിലനിർത്തി. പഴയ പെയിന്റ് നീക്കം ചെയ്ത് മാറ്റ് ഫിനിഷ് പോളിഷ് ചെയ്തു കൂടുതൽ ആകർഷകമാക്കി. റെനവേഷനു മുൻപ് അഞ്ചു ബെഡ്റൂമുകൾ ഉണ്ടായിരുന്നു. വരാന്തയുടെ ഭാഗത്തുനിന്നു പ്രവേശനം സാധ്യമായിരുന്ന രണ്ട് ബഡ്റൂമുകൾ അതിനോടു ചേർന്നു വരുന്ന (ജനലിന്റെ ഇടതുവശമുള്ള) ബെഡ്റൂമുകളുടെ ടോയ്‌ലറ്റുകളാക്കി. വീടിന്റെ പിൻഭാഗത്ത് ഡൈനിങ്ങ് ഏരിയക്കരികിലായി പുതിയൊരു ബെഡ്റൂം നിർമ്മിച്ചു. നിലവിൽ നാല് ബെഡ്റൂമുകൾ വീടിനുണ്ട്. ഒരു ഫാമിലി റൂമും ഡ്രൈ കോർട്ട്‌യാർഡും ഡൈനിങ്ങ് ഏരിയയുമൊക്കെ പുതിയതായി പണിതു. പുതുതായി പണിതീർത്ത ഭാഗങ്ങൾക്കെല്ലാം ഗ്രില്ലില്ലാത്ത സ്ലൈഡിങ് വിന്റോസാണ് കൊടുത്തിരിക്കുന്നത്.

## ജനലുകൾ മാറ്റാതെ


“വരാന്തയുടെ ഇരുവശത്തുമുണ്ടായിരുന്ന രണ്ട് വാതിലുകൾ അടച്ചുകെട്ടി ബെഡ്റൂമുകൾ ടോയ്‌ലറ്റാക്കി മാറ്റിയപ്പോഴും ആ ബെഡ്റൂമുകളിലുണ്ടായിരുന്ന ജനലുകൾ എടുത്തുമാറ്റിയില്ല. കാരണം അവ എടുത്തുമാറ്റി അടച്ചുകെട്ടിയാൽ വീടിന്റെ എലിവേഷന്റെ പ്രൗഢി നഷ്ടപ്പെടും. ജനൽ അതേപടി നില

ഡൈനിങ് ഏരിയ (റെനവേഷനുശേഷം)




ഡൈനിങ് ഏരിയ (റെനവേഷനു മുൻപ്)






റെനവേഷനു ശേഷമുള്ള പ്ലാൻ




റെനവേഷനു മുൻപുള്ള പ്ലാൻ

നിർത്തി അകത്തു പ്ലാസ്റ്റർ ചെയ്തു. പുറത്തുനിന്നും നോക്കിയാൽ ഇവ ഓപ്പണാക്കാൻ പറ്റുന്ന ജനലുകളാണെന്നു തോന്നും. ആ ജനലുകളുടെ മുൻഭാഗത്തുണ്ടായിരുന്ന വെന്റിലേറ്ററുകളാണിപ്പോ ടോയ്‌ലറ്റുകളുടെ വെന്റിലേറ്ററുകളായി മാറുന്നത്." ആർക്കിടെക്റ്റ് ജയദേവ് വ്യക്തമാക്കുന്നു.

## പെബിൾകോർട്ടും ഡൈനിങ്ങും

സ്വീകരണമുറിക്കു ശേഷം ഒരു നീളൻ കോറിഡോറായിരുന്നു ഉണ്ടായിരുന്നത്. ഡൈനിങ്ങ് സ്പേസും ഡ്രൈ പെബിൾ കോർട്ടുമൊക്കെ ഡിസൈൻ ചെയ്തപ്പോൾ അവിടം വിശാലമായി. സ്വീകരണമുറിയിൽ നിന്നും ഇവിടേയ്ക്ക് നോട്ടം കിട്ടുന്ന വിധത്തിൽ ഭിത്തി പൊളിച്ച് സ്വീകരണമുറിയുടെ ഓപ്പണിങ് വലുതാക്കി. സ്വീകരണമുറി-ഡൈനിങ്ങ് ഏരിയ-പെബിൾ കോർട്ട്യാർഡ് എന്നിവിടങ്ങളിലെ സ്ഥലം അങ്ങോട്ടും ഇങ്ങോട്ടും ഒഴുകി പരക്കുന്നു. ഫാമിലി ലിവിങ്ങിനും ഡൈനിങ്ങിനും അരികിലായി ഒരു പൗഡർ റൂം സജ്ജീകരിച്ചിട്ടുണ്ട്. കിച്ചന്റെ കുറച്ചുഭാഗമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. പഴയ സ്റ്റോർറൂം കിച്ചനോട് കൂട്ടിച്ചേർത്ത് അവിടുത്തെ സ്ഥലസൗകര്യം വർദ്ധിപ്പിച്ചു.

## ഇന്റീരിയറിലെ അലങ്കാരങ്ങൾ

പുതുതായി പണിതെടുത്ത ഭാഗങ്ങളിൽ ഫാൾസ് സീലിങ്ങ് നൽകി അവിടെ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മച്ച് അതേകണക്കു നിലനിർത്തി മാറ്റ്ഫിനിഷ് പോളിഷ് പൂശി. ഫ്ളോറിങ്ങിനായി ബ്ലൂയിഷ് ബ്ലാക്ക് സെറാമിക് ടൈൽ ഉപയോഗിച്ചു. ഇത് വെള്ളനിറമണിഞ്ഞ

ലിവിങ് കം ഡൈനിങ്ങിന്റെ ഭാഗമായി പെബിൾ ഗാർഡൻ





വലിയ ഡോർ കം വിന്റോയിൽ കൂടി പുറത്തുള്ള ലാന്റ്സ്കേപ് അകത്തേക്ക് ഒഴുകിപരക്കുന്നു

ഭിത്തിക്ക് കോൺട്രാസ്റ്റായി മാറുന്നു. മാത്രമല്ല ഫർണിച്ചറിനേയും മറ്റ് അലങ്കാരങ്ങളേയും ഹൈലൈറ്റ് ചെയ്യുന്നുമുണ്ട്. ടോയ്‌ലറ്റിലും ഇപ്രകാരം ഒരു കോൺട്രാസ്റ്റിങ് ഇഫക്ട് ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഇതിനായി ടോയ്‌ലറ്റിന്റെ വെറ്റ് ഏരിയയിൽ വൈറ്റ് സെറാമിക് ടൈലുകളും ഡ്രൈ ഏരിയയിൽ ജോട്ടാഷീൽഡ് പെയിന്റും പൂശി, ഫ്ളോറിൽ കറുത്ത ബ്രഷ്ഡ് ഗ്രാനൈറ്റ് പാകി.

ജനൽ അകത്തുനിന്നും അടച്ചുകെട്ടി മുകൾഭാഗത്തെ വെന്റിലേഷൻ പഴയപടി നിലനിർത്തിയിരിക്കുന്നു





മറൈൻ പ്ലൈവുഡിനുമീതെ വൈറ്റ് ലാമിനേറ്റ് ഒട്ടിച്ചാണ് കിച്ചൻ ക്യാബിനറ്റുകൾ നിർമ്മിച്ചിരിക്കുന്നത്

ട്രഡീഷണലും കന്റംപ്രറിയും തമ്മിൽ അതിർ വരമ്പുകൾ തീർക്കാത്ത ഫർണിച്ചറാണ് തിരഞ്ഞെടുത്തിരിക്കുന്നത്. മറൈൻ പ്ലൈവുഡിനു മീതെ വെള്ള ലാമിനേറ്റ് ഒട്ടിച്ചാണ് കിച്ചൻ ക്യാബിനറ്റുകളുടെ നിർമ്മിതി. വെള്ള നിറമായതുകൊണ്ട് അതിന് കൂടുതൽ വലിപ്പം തോന്നിക്കും. സോഫ്റ്റ് ഫർണിഷിങ് രീതിയാണ് വീടിലാകമാനം അവലംബിച്ചിരിക്കുന്നത്. കർട്ടനും കുഷ്യനുകളുമൊക്കെ വീട് കളർഫുള്ളാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഡൈനിങ്ങിന്റെ ഭാഗത്ത് കുടുംബങ്ങളുടെ പഴയകാല ചിത്രങ്ങൾ പതിച്ചിട്ടുണ്ട്. അവ വാൾ പെയിന്റിങ്ങിന് പകരം നിൽക്കും. അതോടൊപ്പം ഗൃഹാതുര ചിന്തകളിലേക്ക് അവരെ നയിക്കും.

വർത്തമാനകാലത്തെ ജീവിതാവശ്യങ്ങളുടെ ചിത്രങ്ങൾ വീട്ടിലേക്ക് കൂട്ടിയിണക്കാൻ ശ്രമിച്ചപ്പോഴും, പഴയകാലസ്മരണകൾ പേറുന്ന ക്യാൻവാസുകൾ തച്ചുടയ്ക്കാതെ അവയ്ക്കുകൂടി ഇടം നൽകിയിരിക്കുന്നുവെന്ന സവിശേഷത എല്ലാ റെനവേഷൻ പ്രോജക്ടുകളിലും സ്വീകരിച്ചിരുന്നെങ്കിലെന്ന് ഈ വീട് കാണുമ്പോൾ ആരും ആശിച്ചുപോകും.

തയ്യാറാക്കിയത് പി.എഫ്. പ്രവീൺ